**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 357** **23-01-2025 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ്ക്കളുടെ ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ തകഴി സ്വദേശിനിയായ വയോധികയെ തെരുവ് നായ്ക്കൂട്ടം കടിച്ചു കൊന്നതായി റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ ൧൦ം വാർഡിൽ അഴീക്കോടൻ നഗറിന് വടക്ക് വശം ചെമ്പിശ്ശേരിൽ (അരയൻചിറ) വീട്ടിൽ ശ്രീ. പ്രകാശന്റെ മാതാവാണ് കൊല്ലപ്പെട്ട 81 വയസ്സുള്ള ശ്രീമതി.കാർത്ത്യായനി. വീട്ടിന് പുറത്ത് തെരുവ് നായക്കൾ വന്ന് ആക്രമിക്കുകയാണ് ചെയ്തത്. |
| (ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതു തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | തെരുവുനായകളുടെ ആക്രമണം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ചും എന്നാൽ ജനങ്ങൾക്ക് മൃഗങ്ങളോടുള്ള ക്രൂരത തടയുക എന്നുള്ള ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടും ടി വിഷയത്തിൽ ബഹു.ഹൈക്കോടതിയുടെയും ബഹു. സുപ്രീം കോടതിയുടെയും ഉത്തരവുകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടും കേന്ദ്ര നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ടും സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്.തെരുവു നായ്ക്കളുടെ വംശ വർദ്ധനവ് കുറവ് ചെയ്തുകൊണ്ട് പ്രസ്തുത പ്രശ്നം നിയന്ത്രണ വിധേയമാക്കുന്നതിലേക്കും, പരിഹരിക്കുന്നതിലേക്കും അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്. സർക്കാരിന്റെ 23.08.2022 ലെ സ.ഉ (സാധാ) നം. 2065/2022/LSGD, 15.09.2022 ലെസ.ഉ (സാധാ) നം.2244/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി പ്രോഗ്രാം നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി തെരുവുനായ്ക്കളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ തീവ്ര വാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വ യജ്ഞം, ഐ.ഇ.സി. ക്യാമ്പയിൻ എന്നിവയും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പൊതു ഇടങ്ങളിൽ മത്സ്യ-മാംസ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു തടയുന്നതിനും, തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നത് തടയാനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുന്നതിനായി മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ ഉപേഷിക്കുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വികരിച്ചു വരുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങളും അറവു മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അറവുശാലകളിൽ അംഗീകൃത ഏജൻസികൾക്ക് കൈമാറി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പ വരുത്തുയും ചെയ്യുന്നു. ചിക്കൻ സ്റ്റാളുകളിലെ മാലിന്യം റെന്റിംഗ് പ്ലാന്റുകൾക്ക് കൈമാറി ചെറിയ ജീവികൾക്കുള്ള തീറ്റയായി മാറ്റുന്നു.കൂടാതെ പൊതുസ്ഥലങ്ങളില്ലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളില്ലും അറവുമാലിന്യവും ഭക്ഷണ പദാർത്ഥവും ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി ആയതിന് ഉത്തരവാദികളായവരിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കി വരുന്നുണ്ട്.തെരുവു നായ്ക്കൾക്ക് വാക്സിനേഷൻ,അവയുടെ വന്ധ്യംകരണം, ഹോട്ട് സ്പോട്ടുകൾ കണ്ടെത്തൽ, ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സെപഷ്യൽ ഡ്രൈവുകൾ നടത്തുക, ഐ.ഇ.സി ക്യാംപയിൻ നടത്തുക,സ്കൂളുകളില്ലും മറ്റ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലും ഐ.ഇ.സി ക്യാംപയിൻ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ